**കേരള സർക്കാർ**

**(സംഗ്രഹം)**

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ് - ഔദ്യോഗികഭാഷ സംബന്ധിച്ച സംസ്ഥാനതലസമിതിയോഗതീരുമാനം സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖല/സ്വയംഭരണ/സഹകരണസ്ഥാപനങ്ങളിലെ ജീവനക്കാർക്കെതിരെയുള്ള അച്ചടക്കനടപടിക്രമങ്ങൾ, സർവ്വീസ് സംബന്ധമായ വിഷയങ്ങൾ തുടങ്ങിയവ പൂർണ്ണമായും മലയാളത്തിലായിരിക്കണമെന്ന് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്**

സ.ഉ(അച്ചടി) നമ്പർ. 2/2018/ഉഭപവ തിരുവനന്തപുരം, തീയതി 30/01/2018

---

പരാമർശം:- 1. 13.01.2015-ലെ സ.ഉ (അച്ചടി) നം. 2/2015/ഉഭപവ നമ്പർ വിജ്ഞാപനം.

2. 13/01/2015-ലെ സ.ഉ (അച്ചടി) നം. 3/2015/ഉഭപവ നമ്പർ വിജ്ഞാപനം

3. 26.04.2017-ലെ സ.ഉ.(അച്ചടി)നം.6/2017/ഉഭപവ, നമ്പർ ഉത്തരവ്,

4. 01.08.2017-ന് ബഹു.ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന ഔദ്യോഗികഭാഷ സംബന്ധിച്ച സംസ്ഥാനതലസമിതിയോഗ നടപടിക്കുറിപ്പ്.

**ഉത്തരവ്**

കേരളസർക്കാരിന്റെ ഭരണഭാഷാനയം സർവ്വമേഖലകളിലും നടപ്പിലാക്കുന്നതിലേയ്ക്കും ഔദ്യോഗികരംഗത്ത് ഭരണഭാഷയായ മലയാളം ഉപയോഗിക്കുന്നതിന്റെ പുരോഗതി അവലോകനം ചെയ്യുന്നതിനുമായി 01.08.2017-ന് ബഹു.ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന ഔദ്യോഗികഭാഷസംബന്ധിച്ച സംസ്ഥാനതലസമിതിയോഗത്തിൽ ജീവനക്കാർക്കെതിരെയുള്ള അച്ചടക്കനടപടിക്രമങ്ങൾ പൂർണ്ണമായും മലയാളത്തിലായിരിക്കണമെന്ന് ബഹു.ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു. അതിനാൽ സെക്രട്ടറിയേറ്റ് ഉൾപ്പെടെയുള്ള സർക്കാർ/ അർദ്ധസർക്കാർ/ പൊതുമേഖല/സ്വയംഭരണ/ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കെതിരെയുള്ള അച്ചടക്കനടപടിക്രമങ്ങൾ, ജീവനക്കാർക്കുനൽകുന്ന മെമ്മോകൾ, ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റവും സ്ഥാനക്കയറ്റവും നിയമന ഉത്തരവുകളും ഉൾപ്പെടെയുള്ള സർവ്വീസ് സംബന്ധിച്ച വിഷയങ്ങൾ എന്നിവ പൂർണ്ണമായും മലയാളത്തിലായിരിക്കണമെന്നു നിർദ്ദേശിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)**

**ടി.ഒ.സൂരജ്**

**സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/
സ്പെഷ്യൽ സെക്രട്ടറിമാർക്കും സെക്രട്ടേറിയറ്റിലെ ധനകാര്യം,
നിയമം ഉൾപ്പെടെ എല്ലാ വകുപ്പുകളിലെ സെക്ഷനുകൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും/എല്ലാ വകുപ്പ് മേധാവികൾക്കും
സർക്കാർ നിയന്ത്രണത്തിലുള്ള പൊതുമേഖല/അർദ്ധസർക്കാർ/ സ്വയംഭരണ/സഹകരണ
സ്ഥാപനങ്ങളുടെ തലവൻമാർക്ക്, വെബ് & മീഡിയ വിഭാഗം/
പ്രസ് റിലീസ് വിഭാഗം/ വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പോലീസ് വകുപ്പ്

കേരളം

**<u>Endt No C4-24636/2018/PHQ തീയതി. 21-02-2018</u>**

**സർക്കാരിൽനിന്നും ലഭ്യമായ കത്ത് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.ജീവനക്കാർക്കു നൽകുന്ന അച്ചടക്കനടപടിക്രമം ഉൾപ്പടെയുള്ള ഉത്തരവുകൾ,മെമ്മോകൾ,ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം,സ്ഥാനക്കയറ്റം എന്നീ നിയമന ഉത്തരവുകൾ ഉൾപ്പെടെയുള്ള സർവ്വിസ് വിഷയങ്ങൾ ,എന്നിവ പൂർണ്ണമായും മലയാളത്തിൽ കൈകാര്യം ചെയ്യണമെന്നു ഇതിനാൽ നിർദ്ദേശിക്കുന്നു.**


ഷീബ എസ്

ജൂനിയർ സൂപ്രണ്ട്

For State Police Chief

പോലീസ് ഹെഡ്ക്വാട്ടേർസ്, തിരുവനന്തപുരം

phq.pol@kerala.gov.in

04712721547



Internal Administrative Processing System

iAPS

KERALA POLICE

POLICE DEPARTMENT

KERALA

**<u>Endt No G1(c)-8995/2018/ID Dated. 23-02-2018</u>**

സർക്കാർ ഉത്തരവിൻറെ പകർപ്പ് എല്ലാ ഓഫീസർമാർക്കും മിനിസ്റ്റീരിയൽ സ്റ്റാഫിനും അറിവിനും അനന്തരനടപടികൾക്കുമായി അയക്കുന്നു.

Gilson Mathew
Deputy Superintendent of Police
For District Police Chief
District Police Office, Idukki
spidk.pol@kerala.gov.in
04862232354

Internal Administrative Processing System
iAPS
KERALA POLICE

G1(c)-8995/2018/ID 0d04a3